P 24.08.2022
TB – AN(I)
9.30 – 9.40

**അനുബന്ധം - 1**

**23-08-2022-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*32)-ന്റെ ബാക്കിഭാഗം.**

സംരംഭകവർഷത്തിന്റെ ഭാഗമായി, പ്രാദേശികമായി സംരംഭകരെ കണ്ടെത്തുന്നതിന് കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുത്ത സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായപദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പൊതുബോധവൽക്കരണ പരിപാടിയുടെ തുടർച്ചയായി, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിവരുന്നുണ്ട്. ഓരോ തദ്ദേശ സ്ഥാപന തലത്തിലും മാസത്തിൽ

നിർദിഷ്ട എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കാൻ ബന്ധപ്പെട്ട് ഇന്റേണകൾക്ക് ലക്ഷ്യം നിശ്ചയിച്ചുനൽകിയിട്ടുണ്ട്. സംസ്ഥാനത്താകെയായി 22-08-2022 വരെ 49020 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.